(ബി) പോലീസ് സേനാംഗങ്ങൾക്ക് ആധുനിക രീതിയിലുള്ള പരിശീലനം നൽകുന്നതിനു പ്രത്യേക സംവിധാനം എന്തെങ്കിലുമുണ്ടോ എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) എ.എസ്.ഐ. മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് പോലീസ് ട്രെയിനിംഗ് കോളേജിൽ ഇൻസർവീസ് ട്രെയിനിംഗ് നൽകിവരുന്നു. ജില്ലാതലത്തിൽ പോലീസുകാർ മുതൽ മുകളിലേക്ക് റാങ്കുള്ള ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നടത്തി വരുന്നുണ്ട്. ശാസ്ത്രീയമായ കുറ്റാന്വേഷണ രീതികളിലും നിയമകാര്യങ്ങളിലും വകുപ്പു നടപടിക്രമങ്ങളിലും ട്രെയിനിംഗ് നൽകുന്നതിനു പുറമേ ഡ്രിൽ, പി.റ്റി., വെപ്പൺ ട്രെയിനിംഗ്, ജൂഡോ, കരാട്ടേ എന്നിവയിലും വിദഗ്ദ്ധ പരിശീലനം നൽകിവരുന്നു. കൂടാതെ പോലീസ് സേനാംഗങ്ങളുടെ പരിശീലനം പരിഷ്കരിക്കുന്നതിന് ഒരു പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

## പോലീസ് ജുഡീഷ്യൽ കസ്റ്റഡിയിൽ വച്ചുള്ള മരണം

45 (2974) ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കസ്റ്റഡിയിൽ വച്ചോ ജുഡിഷ്യൽ കസ്റ്റഡിയിൽ വച്ചോ മരണമടയുന്നവരുടെ ബന്ധുക്കൾക്ക് ഗവൺമെന്റിൽനിന്ന് എന്തെങ്കിലും സാമ്പത്തിക സഹായം നൽകാറുണ്ടോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്രപേർ പോലീസ് കസ്റ്റഡിയിലും എത്രപേർ ജുഡീഷ്യൽ കസ്റ്റഡിയിലുംവച്ച് മരിച്ചിട്ടുണ്ട്;

(സി) അവരുടെ ബന്ധുക്കൾക്ക് എന്തെങ്കിലും സാമ്പത്തികസഹായം ഗവൺമെന്റിൽനിന്നും നൽകിയിട്ടുണ്ടോ;

(ഡി) പ്രകൃതിക്ഷോഭം മൂലമോ ട്രാഫിക് അപകടംമൂലമോ മറ്റു അപകടങ്ങൾമൂലമോ മരണപ്പെടുന്നവരുടെ അടുത്ത ബന്ധുക്കൾക്ക് ധനസഹായം ചെയ്യുന്നതുപോലെ പോലീസ് കസ്റ്റഡിയിൽവച്ചും ജുഡീഷ്യൽ കസ്റ്റഡിയിൽവച്ചും നടക്കുന്ന മരണങ്ങൾ അപകട മരണമായി കണക്കാക്കി അവരുടെ ബന്ധുക്കൾക്ക് ധനസഹായം നൽകാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിക്കുന്ന കേസ്സുകളിലും അർഹതപ്പെട്ട മറ്റു കേസ്സുകളിലും കസ്റ്റഡിയിൽ മരണമടയുന്ന ആളുടെ ബന്ധുക്കൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകാറുണ്ട്.

(ബി)&(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇപ്പോൾ ഇതിനുള്ള നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly